**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4776** **19-03-2025 - ൽ മറുപടിയ്ക്ക്**

**കുരിക്കുളം ഇക്കോ ഹാച്ചറിയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം നിയോജകമണ്ഡലത്തിലെ കീരമ്പാറ ഗ്രാമപ്പഞ്ചായത്തിലെ കുരിക്കുളം ഇക്കോ ഹാച്ചറിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | ഭൂതത്താൻകെട്ട് മൾട്ടി സ്പീഷീസ് ഇക്കോ ഫാച്ചറിയിലെ (കുരിക്കുളം ഇക്കോ ഹാച്ചറി) നിർമ്മാണ പ്രവത്തനങ്ങളിൽ 20m x 10m x 1.8m വിസ്തൃതി ഉള്ള 24 സിമന്റ് ടാങ്കുകൾ (6 എണ്ണം വീതമുള്ള 4 ബ്ലോക്കുകൾ) നിർമ്മാണം പൂർത്തീകരിച്ചു. 160 മീറ്റർ റോഡ് പൂർത്തിയായി. |
| (ബി) | എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് ഇവിടെ നടന്നു വരുന്നത്; വിശദീകരിക്കാമോ; | (ബി) | വിഭാവനം ചെയ്ത പ്രോജക്ടിൽ ബാക്കിയുള്ള 38m x 26m x 1.5m വിസ്തൃതിയുള്ള ഒരു മൺ കുളത്തിന്റെ പ്രവൃത്തി, മത്സ്യക്കുഞ്ഞുങ്ങളെ പാക്ക് ചെയ്യുന്ന 1000 sq.ft. കെട്ടിടം, ഇലക്ട്രിക്കൽ, ടാങ്കുകളിലെ എയറേഷൻ എന്നീ പ്രവൃത്തികൾ നടന്നുവരുന്നു . |
| (സി) | പ്രസ്തുത ഇക്കോ ഹാച്ചറിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; | (സി) | കാർപ്പ് ഇനത്തിൽപ്പെട്ട കട്‌ല, രോഹു, മൃഗാൽ എന്നീ മത്സ്യഇനങ്ങളെയാണ് പ്രധാനമായും പരിപാലിച്ച് പോരുന്നത്. എറണാകുളം ജില്ലയിലും സമീപ ജില്ലകളിലും ഫിഷറീസ് വകുപ്പിന്റെ വിവിധ പദ്ധതികൾക്കും, സ്വകാര്യ വ്യക്തികൾക്കും ഇവയെ വിതരണം ചെയ്യുന്നു. 2024-25 വർഷത്തെ ടാർജറ്റ് 50 ലക്ഷമാണ്. ഇതിൽ 47.80 ലക്ഷം എണ്ണം മത്സ്യക്കുഞ്ഞുങ്ങളെ നാളിതുവരെ ഉത്പാദിപ്പിക്കുവാൻ സാധിച്ചു. |
| (ഡി) | പ്രസ്തുത ഹാച്ചറി പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ പൂർണ്ണമായി പ്രവർത്തനസജ്ജമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത ഹാച്ചറി പൂർണ്ണമായി പ്രവർത്തന സജ്ജമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. 2019 ജൂലൈയിൽ സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് (ഫിർമ)-ൽ നിന്ന് ഫിഷറീസ് വകുപ്പിന് ഹാച്ചറി കൈമാറുന്ന സമയം 8 നഴ്സറി കുളങ്ങളും ഒരു റിയറിങ്ങ് കുളവും ഒരു ബ്രൂഡ് സ്റ്റോക്ക് കുളവും മാത്രമാണ് ഉണ്ടായിരുന്നത്. നിലവിൽ നബാർഡ് RIDF ധനസഹായത്തോടെ 5 സെന്റ് വീതമുള്ള 24 കുളങ്ങൾ, ഒരു എർത്തേൺ കുളം, പാക്കിങ്ങ് ഷെഡ് യൂണിറ്റ് എന്നിവ നിർമ്മിക്കുകയും ജനറേറ്റർ, എയറേഷൻ, ലൈറ്റ് |

| | | | |
|---|---|---|---|
| | | | സംവിധാനങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്തു. ഹാച്ചറിയുടെ ഉത്പാദനം 10 ലക്ഷത്തിൽ നിന്ന് 47.80 ലക്ഷമായി ഉയർന്നിട്ടുണ്ട്. ഇവയൊക്കെ ഹാച്ചറിയുടെ പുരോഗതിയുടെ സൂചകങ്ങളാണ്. ഈ വർഷം 50 ലക്ഷം മത്സ്യക്കുഞ്ഞുങ്ങൾ എന്ന ഭൗതിക ലക്ഷ്യം കൈവരിക്കുന്നതാണ്. ജില്ലയിലെ മത്സ്യകർഷകർക്ക് ആവശ്യമായ 50 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ വർഷംതോറും ഉത്പാദിപ്പിച്ച് വിതരണം ചെയ്യാൻ കഴിയും. ഹാച്ചറിയിൽ എത്തിച്ചേരുന്ന കർഷകർക്ക് ആവശ്യമായ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ